## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 409 — 20.07.2015- ൽ മറുപടിക്ക്

# റവന്യൂ വകുപ്പിലെ അധിക തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) റവന്യൂ വകുപ്പിൽ അധിക തസ്തികകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഇത്തരത്തിൽ എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ; | എ) റവന്യൂ വകുപ്പിൽ തുടർച്ചാനുമതി ആവശ്യമായ 4988 തസ്തികകളിൽ 517 തസ്തികകൾ അധിക ജോലിഭാരവും ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമായ ഇടങ്ങളിലേയ്ക്ക് പുനർ വിന്യസിക്കണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ 23.03.2015 -ൽ ശുപാർശ നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത അധിക തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) നിലവിൽ തീരുമാനം ആയിട്ടില്ല |
| സി) പൊതുജനങ്ങൾക്ക് വളരെയേറെ ആവശ്യമുള്ള സേവനങ്ങൾ നൽകുന്നതിന് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുമെന്നറിയാമോ; | സി) പൊതുജനങ്ങൾക്ക് മതിയായ സേവനങ്ങൾ നൽകുന്നതിനായി തുടർച്ചാനുമതി നൽകി പ്രവർത്തിച്ചുവരുന്ന 517 താൽക്കാലിക തസ്തികകൾ പുനർവിന്യസിച്ച് നടപടികൾ സ്വീകരിക്കുന്നതിനാണ് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുള്ളത്. |
| ഡി) വില്ലേജാഫീസടക്കം റവന്യൂ വകുപ്പിൽ ആവശ്യത്തിന് തസ്തിക സൃഷ്ടിക്കണമെന്ന് കഴിഞ്ഞ ശമ്പള കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശത്തിന്റെ ഭാഗമായി ആവശ്യമില്ലാത്തതായി കണ്ടെത്തിയതും അവസാനിപ്പിക്കാൻ തീരുമാനിച്ചതുമായ തസ്തികകൾ എത്രയെന്നറിയിക്കുമോ? | ഇ) നിലവിൽ റവന്യൂ വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കുന്നതിന് അന്തിമ തീരുമാനം ആയിട്ടില്ല. |

Vatsala (signature)

**സെക്ഷൻ ഓഫീസർ**